അക്കൗണ്ടന്റ് ജനറൽ ആഫീസിൽനിന്നും വിശദാംശം ലഭിക്കുകയും അപേക്ഷയിൽ ന്യൂനതകൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഒരു മാസത്തിനുള്ളിൽ ഹയർസെക്കന്ററി ഡയറക്ടർ ഗ്രേഡ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഡി&ഇ) കണ്ണൂർ ആർ.ഡി.ഡി. ആഫീസ് നിലവിൽ വന്നത് 2014 ഫെബ്രുവരി 17-നുമാത്രമാണ്. 15-12-2012-ൽ ന്യൂനതകൾ പരിഹരിക്കാനായി ശ്രീ. രതീഷ് കാളിയാടൻ ഹയർസെക്കന്ററി ഡയറക്ടറിൽനിന്ന് നേരിട്ട് കൈപ്പറ്റിയ അപേക്ഷ കണ്ണൂർ ആർ.ഡി.ഡി.യിൽ ലഭിച്ചത് 28-3-2014-ൽ മാത്രമാണ്. ഇതിനുശേഷം അപേക്ഷ കൈകാര്യം ചെയ്യുന്നതിൽ ആർ.ഡി.ഡി. ആഫീസിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അതത് വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) കണ്ണൂർ ആർ.ഡി.ഡി. ആഫീസിൽ സമയബന്ധിത ഗ്രേഡുമായി ബന്ധപ്പെട്ട് ഇപ്പോൾ അപേക്ഷകൾ ഒന്നുംതന്നെ തീർപ്പാക്കാൻ ബാക്കിയില്ല.

ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന സ്കൂളുകൾ

33(2940) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിപ്രകാരം എത്ര ഹൈസ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളുകളിലെ അദ്ധ്യാപകർ സ്ഥിരം ജീവനക്കാരാണോ ; താൽക്കാലിക ജീവനക്കാരാണോ ; വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതി പ്രകാരം 111 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം-6, കൊല്ലം-3, പത്തനംതിട്ട -ഇല്ല, ആലപ്പുഴ- 2, കോട്ടയം-5, ഇടുക്കി-15, എറണാകുളം-7, പാലക്കാട്-19, മലപ്പുറം-8, കോഴിക്കോട് -6, വയനാട് - 14, കണ്ണൂർ - 9 , കാസർഗോഡ് - 17 .

(ബി) 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളിലും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 36 സ്കൂളുകളിലും സ്ഥിരം തസ്തികകളാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഈ സ്കൂളുകളിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും ജോലി ചെയ്യുവരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

സ്ഥിരാദ്ധ്യാപകർ - 411

താൽക്കാലികാദ്ധ്യാപകർ - 211

2011-12 വർഷം അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഈ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകർ അദ്ധ്യാപനം നടത്തിവരുന്നു.

(സി) ആർ.എം.എസ്.എ. സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആർ.എം.എസ്.എ. സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം

34(2941) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. സ്കൂളുകളായി ഉയർത്തിയ സ്കൂളുകളിൽ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും ഇല്ലാത്തത് ഇത്തരം സ്കൂളുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2009-10 വർഷം ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുൾപ്പെടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഫണ്ട് നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയുമായി ചേർന്ന് സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിച്ചുവരുന്നു.

ആർ.എം.എസ്.എ. പദ്ധതി

35(2942) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly